## പതിനാലാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.389 — 24.08.2017 ന് മറുപടിയ്ക്ക്.

### വനം വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആന്റണി ജോൺ<br>ശ്രീ.രാജു എബ്രഹാം.<br>ശ്രീ.പി.ടി.എ.റഹിം<br>ശ്രീ.എൻ.വിജയൻ പിള്ള | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ)സംസ്ഥാനത്ത് വനം വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്ത് വനംവകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ താഴെ പറയുന്നവയാണ്.<br>1. വനമേഖലയ്ക്ക് പുറത്ത് വൃക്ഷം വളർത്തൽ വർദ്ധിപ്പിക്കുന്നതിനുള്ള ഹരിതകേരളം പദ്ധതി<br>2. ഗോത്രസമൂഹത്തിന് ഉപകരിക്കും വിധം 100 സ്ഥലങ്ങളിൽ വിപണന കേന്ദ്രം ആരംഭിക്കും.<br>3. അതിരുകളിലൂടെ ജണ്ടകൾ സ്ഥാപിച്ച് മുഴുവൻ വനപ്രദേശവും സംരക്ഷിക്കും.<br>4. മനുഷ്യ-വന്യജീവി ഏറ്റുമുട്ടൽ മൂലമുള്ള പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിന് 220.50 കി.മീറ്റർ ദൈർഘ്യത്തിൽ സൗരോർജ്ജവേലി, 2.91 കി.മീറ്റർ ആനപ്രതിരോധ മതിൽ, 11.35 കി.മീറ്റർ റെയിൽ ഫെൻസ് എന്നിവ നിർമ്മിക്കും.<br>5. സംസ്ഥാനത്ത് ഒരു വനമ്യൂസിയം സ്ഥാപിക്കും.<br>6. വന്യമൃഗ ആക്രമണം ഫലപ്രദമായി പ്രതിരോധിക്കുവാൻ പഞ്ചായത്ത് തലത്തിൽ ജനജാഗ്രതാ സമിതികൾ സ്ഥാപിക്കും.<br>7. കാവുകളും, കുളങ്ങളും, നീർത്തടങ്ങളും സംരക്ഷിക്കുവാൻ ആവശ്യമായ നടപടി എടുക്കും.<br>8. മൃഗങ്ങൾക്ക് ഭക്ഷണവും, ജലവും ഉറപ്പു വരുത്തുന്നതിനായി ഫലവൃക്ഷങ്ങൾ നടുന്നതിനും, നീർത്തടങ്ങൾ/തടയണകൾ നിർമ്മിക്കുന്നതിനും സമഗ്രമായ പ്രവർത്തനങ്ങൾ നടത്തും.<br>9. തിരുവനന്തപുരം ജില്ലയിലെ കോട്ടൂരിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ആന പുനരധിവാസ കേന്ദ്രം സ്ഥാപിക്കുന്നതിനായി ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |

10. ക്യാമറാ സഹായത്തോടെയുള്ള നിരീക്ഷണം ഉൾപ്പെടെ ശാസ്ത്രീയ ജാഗ്രതാ സംവിധാനം ഏർപ്പെടുത്തും.
11. പുനലൂർ ഡിവിഷനു കീഴിൽ ആയൂർ, ഏരൂർ എന്നീ സ്ഥലങ്ങളിൽ രണ്ട് ഇക്കോ കോംപ്ലക്സുകൾ സ്ഥാപിക്കും.

(ബി) പാരിസ്ഥിതിക്ക് കോട്ടം വരാത്ത രീതിയിൽ വനത്തിനുള്ളിലെ നദികളിൽ നിന്നും മണൽ ശേഖരിച്ച് ഭവന നിർമ്മാണത്തിനായി വിതരണം ചെയ്യുന്ന കലവറ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഉണ്ട്. മണൽ വാരുന്നതിന് കേന്ദ്രസർക്കാരിന്റെ മുൻകൂർ അനുമതിയുള്ള തിരുവനന്തപുരം ഡിവിഷനു കീഴിലെ കുളത്തുപ്പുഴ റെയിഞ്ചിലെ ചോഴിയക്കോട്, മിൽപ്പാലം എന്നീ കടവുകളിൽ നിന്നും നിയമാനുസരണം പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത വിധം വനസംരക്ഷണ സമിതികൾ മുഖേന മണൽ ശേഖരണം നടത്തി വരുന്നു. ഇത്തരത്തിൽ ശേഖരിക്കുന്ന മണൽ ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട അപേക്ഷകൾ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് സഹിതം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ നൽകണം. ഇതിലേക്കായി മണലിന്റെ വിലയും മറ്റ് നികുതികളും ബാധകമാകും. സ്വന്തം ഉപയോഗത്തിനു മാത്രമാണ് ഈ അനുവാദം നൽകുന്നത്.

(സി) അതീവ പാരിസ്ഥിതിക പ്രാധാന്യമുള്ളതും നശിച്ചുകൊണ്ടിരിക്കുന്നതുമായ കണ്ടൽക്കാടുകളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(സി) കണ്ടൽക്കാടുകളെ സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെ കൊടുക്കുന്നു.

1. കണ്ടൽക്കാടുകളുടെ സംരക്ഷണത്തിന്റെ ഭാഗമായി, കാസർഗോഡ് ജില്ലയിൽ 54.6 ഹെക്ടർ കണ്ടൽക്കാടുകൾ റിസർവ്വ് വനമായി പ്രഖ്യാപിച്ചു. കണ്ണൂർ ജില്ലയിൽ 240.00 ഹെക്ടർ കണ്ടൽക്കാടുകൾ റിസർവ്വാക്കിയതിനു പുറമേയാണിത്.
2. സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കണ്ടൽ പ്രദേശങ്ങൾ തിരിച്ചറിയുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. നിലവിൽ നാല് ജില്ലകളിലെ കണക്കെടുപ്പ് പൂർത്തിയായിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | വിസ്തീർണ്ണം |
|---|---|
| തിരുവനന്തപുരം | 45.60 ഹെക്ടർ |
| കൊല്ലം | 97.50 ഹെക്ടർ |
| തൃശ്ശൂർ | 32.54 ഹെക്ടർ |
| കോഴിക്കോട് | 143.97 ഹെക്ടർ |

പുതിയ കണ്ടൽക്കാടുകൾ സൃഷ്ടിക്കുന്നതിനായി ശുഷ്കമായ കണ്ടൽക്കാടുകളിലും കണ്ടൽ അനുയോജ്യമായ പ്രദേശങ്ങളിലും കണ്ടൽ ചെടികൾ നട്ടുവരുന്നു.

3. സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കണ്ടൽച്ചെടികൾ സംരക്ഷിക്കുന്നതിനായി പ്രോത്സാഹന ധനസഹായം നൽകിവരുന്നു.
4. കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന് പ്രസ്തുത പ്രദേശത്തെ വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവർക്ക് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നു.
5. തൃശ്ശൂർ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലുള്ള പാവറട്ടി ഗ്രാമപഞ്ചായത്തിൽ 8-ാം വാർഡിൽ കണ്ടൽ സംരക്ഷണത്തിന് മുഖ്യപ്രാധാന്യം നൽകിക്കൊണ്ട് കണ്ടൽ സംരക്ഷണ പ്രവർത്തനങ്ങൾ ചെയ്യുന്നതിന് പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നവകേരള മിഷൻ (ഹരിത കേരളം) പദ്ധതി പ്രകാരം പാവറട്ടി മേഖലയിലെ കണ്ടൽ പ്രദേശങ്ങളും തൃശ്ശൂർ സാമൂഹ്യ വനവൽക്കരണ വിഭാഗം വൃത്തിയാക്കിയിട്ടുണ്ട്.
6. എറണാകുളം മംഗളവനം പക്ഷി സങ്കേതത്തിൽ കണ്ടൽക്കാടുകളെ സംരക്ഷിക്കുന്നതിനോടൊപ്പം മംഗളവനത്തിലെ ജലാശയങ്ങൾ ശുചീകരിച്ച് അവയുടെ തീരത്ത് പുതുതായി കണ്ടൽച്ചെടികൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്.

Latheesh

സെക്ഷൻ ഓഫീസർ